അട്ടപ്പാടി മലയിലുള്ള കുടിയാന്മാർ

* 1378. [30] ശ്രീ. കെ. കൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്ടു ജില്ലയിലെ അട്ടപ്പാടി മല മുഴുവൻ ഇന്നു ഫോറസ്റ്റ് ലാൻഡു എന്ന നിലയ്ക്കാണു് കണക്കാക്കപ്പെട്ടുന്നതെന്നു് അറിയുന്നതു് ശരിയാണോ ;

(ബി) അട്ടപ്പാടിയിൽ ആയിരക്കണക്കിൽ ഏക്കർ കൃഷിസ്ഥലങ്ങളും അതു നടത്തുന്ന കുടിയാന്മാരും ഇന്നവതരിപ്പിക്കപ്പെട്ട കാർഷികബന്ധ ബില്ലിന്റെ പരിധിയിൽനിന്നു പുറംതള്ളപ്പെട്ടുമോ ;

(സി) ഈ പ്രദേശത്തെ കുടിയാന്മാർക്കും, ബില്ലിന്റെ ഗുണം ലഭിക്കുന്നതിനായി അട്ടപ്പാടിയിലെ കൃഷിസ്ഥലങ്ങളെല്ലാം റവന്യൂവിലേക്കു് മാറ്റാൻ ഗവണ്മെന്റു് ഉടനടി നടപടികളും കൈക്കൊള്ളുമോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഈ പ്രദേശം സചകാര്യവനമാണു്.

(ബി) സെലക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തവിധത്തിൽ സചകാര്യവനത്തിന്റെ നിർവ്വചനം അംഗീകരിക്കുകയാണെങ്കിൽ അവയ്ക്കു് ഫിക്സ് ചെയ്തുകിട്ടാൻ സാദ്ധ്യത കുറവാണു് ; സചകാര്യവനത്തിന്റെ നിർവ്വചനത്തെ ഭേദഗതിയിച്ചായിരിക്കും അവയ്ക്കു് ആനുകൂല്യം കിട്ടുക.

(സി) ബില്ലിന്റെ ചർച്ചകഴിഞ്ഞതിനുശേഷം അതിനെപ്പറ്റി ആലോചിക്കാവുന്നതാണു്.

UNSTARRED QUESTIONS AND ANSWERS

ഓവർബ്രിഡ്ജു് നിർമ്മാണം.

372. [2] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്ടു്, ഒലവക്കോട്ടു്, ഷോർണ്ണൂർ റയിൽവേസ്റ്റേഷനുകൾക്കടുത്തായി ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ കേരളഗവണ്മെന്റു് റയിൽവേ അധികൃതന്മാരോടോ കേന്ദ്രഗവണ്മെന്റിനോടോ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ഈ ഓവർബ്രിഡ്ജുകൾ 1959-60-ൽ പണി ആരംഭിക്കുമോ ?

ഉത്തരം.

(എ) പാലക്കാട്ടു ഡിസ്ട്രിക്ടിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ഓവർ-അണ്ടർ ബ്രിഡ്ജുകൾ നിർമ്മിക്കുന്നതിനു് ഈ ഗവണ്മെന്റു് റയിൽവേ അധികൃതന്മാരോടു ശുപാർശചെയ്തിട്ടുണ്ടു്.

1. ഷോർണ്ണൂർ റയിൽവേസ്റ്റേഷൻ റോഡിൽ 1/8 മൈൽ ലവൽക്രോസിംഗു്.
2. മദ്രാസു്-കാലിക്കട്ടു റോഡിൽ 361/7 മൈൽ ലവൽക്രോസിംഗു്.
3. പാലക്കാട്ടു്-ഷോർണ്ണൂർ റോഡിൽ 7/3 മൈൽ ലവൽക്രോസിംഗു്.
4. പാലക്കാട്ടു്-ഷോർണ്ണൂർറോഡിൽ 0/1 മൈൽ ലവൽക്രോസിംഗു്

LIBRARY ARCHIVES Kerala Legislative Assembly